26769
15/12/17

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് കൊണ്ടും സേവനം സംബന്ധിച്ചും പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.4009/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 12/12/2017**

---

പരാമർശം : സ.ഉ(സാധാ)നം. 3845/2017/തസ്വഭവ, തീയതി, 29.11.2017

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനം സംബന്ധിച്ചും ഓണറേറിയം സംബന്ധിച്ചും മേൽ പരാമർശം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പരാമർശം ഉത്തരവിലെ സംസ്ഥാനത്തെ 'ഗ്രാമപഞ്ചായത്തുകളിൽ' സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നത് സംസ്ഥാനത്തെ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ' സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നും '2003' മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നത് '2008' മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്തു തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാർ എന്നും മേൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങൾക്കാവശ്യമായ തുക 'പഞ്ചായത്തിന്റെ' തനത് ഫണ്ടിൽ നിന്നോ പാലിയേറ്റീവ് കെയറിനായുള്ള പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതാണ് എന്നുള്ളത് മേൽ പ്രതിപാദിച്ചിട്ടുള്ള ഇനങ്ങൾക്കാവശ്യമായ തുക 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ' തനത് ഫണ്ടിൽ നിന്നോ പാലിയേറ്റീവ് കെയറിനായുള്ള പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കേണ്ടതാണ് എന്നും ഭേദഗതി വരുത്തുന്നു.

മേൽ ഭേദഗതികളോട് കൂടി പരാമർശം ഉത്തരവ് നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

-മറുപുറം-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പൽ/കോർപ്പറേഷൻസെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/179/2017/Fin. തീയതി 21.10.2017 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/62/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ